'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 833 — 05.02.2020 ൽ മറുപടിയ്ക്ക്

## കുളത്തൂപ്പുഴ വനശ്രീ കലവറ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ അധീനതയിലുള്ള കുളത്തൂപ്പുഴ വനശ്രീ കലവറയിൽ നിന്നും മണൽ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | കുളത്തൂപ്പുഴ വനശ്രീ കലവറയിൽ നിന്നും മണൽ ലഭിക്കുന്നതിന് ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷ സ്വീകരിക്കുന്നത്. കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യുന്ന തിരുവനന്തപുരം, കൊല്ലം ജില്ലകളിൽപ്പെട്ട അപേക്ഷകർക്കാണ് മണൽ അനുവദിക്കുന്നത്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച കെട്ടിട നിർമ്മാണ അനുമതി, അംഗീകൃത പ്ലാൻ, എൻജിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ അവശ്യകതാ സർട്ടിഫിക്കറ്റ് എന്നിവയാണ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടത്. സർക്കാർ സാമ്പത്തിക സഹായം ലഭിച്ചവർ ബന്ധപ്പെട്ട രേഖകളുടെ പകർപ്പും സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. |
| (ബി) | കലവറയിൽ മണലിന് ഈടാക്കുന്ന വില സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | പൊതു വിഭാഗത്തിന് (APL)M3-ന് ലോഡിംഗ് ചാർജ്ജ് ഉൾപ്പെടെ 4,445/- രൂപയും (ഒരു ലോഡ് 5M3-ന് 22,225/- രൂപയും) സർക്കാർ സാമ്പത്തിക സഹായം ലഭിച്ചവർക്ക് (BPL)M3 - ന് ലോഡിംഗ് ചാർജ്ജ് ഉൾപ്പെടെ 2,485/- രൂപയും (ഒരു ലോഡ് 5M3-ന് 12,425/- രൂപയും) ആണ് വില. |

| | |
|---|---|
| (സി) ഉപഭോക്താക്കൾക്ക് കലവറയിൽ നിന്നും നൽകുന്ന മണലിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) ഒരു ഉപഭോക്താവിന് പരമാവധി 10 M3 (രണ്ട് ലോഡ്) മണൽ ആണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ